പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.33

09.2.2016-ൽ മറുപടിയ്ക്ക്

ട്രാവൻകൂർ ടൈറ്റാനിയത്തെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ പ്രമുഖ പൊതുമേഖലാ വ്യവസായ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയത്തെ പ്രതിസന്ധിയിൽ നിന്നും സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | **(എ)** പ്രധാന അസംസ്കൃതവസ്തുവായ ഇൽമനൈറ്റിൻെറ ലഭ്യതക്കുറവ്,പ്രവർത്തന മൂലധനത്തിന്റെ അഭാവം, കുറഞ്ഞ import duty പ്രയോജനപ്പെടുത്തി വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതിമൂലമുണ്ടായിട്ടുള്ള വിലതകർച്ച, ഉൽപ്പന്നങ്ങളുടെ ആവശ്യകതയിൽ ഉണ്ടായിട്ടുള്ള ഇടിവ്, എന്നിവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി അടിയന്തിര ധനസഹായമായി ഈ സാമ്പത്തിക വർഷം 6 കോടി രൂപ നൽകിയിട്ടുണ്ട്. ഐ.ആർ.ഇ-യിൽ നിന്നുള്ള ഇൽമനൈറ്റിൻെറ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പക്കലുള്ള ഏകദേശം 12500 മെട്രിക് ടൺ ഇൽമനൈറ്റ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ വിപണനമേഖല കണ്ടെത്തുന്നതിനുള്ള നടപടികൾ കമ്പനിതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** ടൈറ്റാനിയത്തിന് ആവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ ഇൽമനൈറ്റ് ലഭ്യമാക്കുന്നതിൽ വീഴ്ചവരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | **(ബി)** കമ്പനിയുടെ ഉൽപ്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ പ്രതിമാസം 2500 ഓളം ടൺ ഇൽമനൈറ്റ് ആവശ്യമാണ്. കേന്ദ്രപൊതുമേഖലാസ്ഥാപനമായ IRE യുടെ ചവറ, മണവാളക്കുറിച്ചി എന്നീ യൂണിറ്റുകളിൽ നിന്നാണ് ഇത് ലഭ്യമാക്കുന്നത്. എന്നാൽ ഖനന പ്രദേശങ്ങളിലെ തൊഴിൽ തർക്കവും തദ്ദേശവാസികളുടെ എതിർപ്പ് മൂലവും 2009 മുതൽ ഇവിടങ്ങളിൽ നിന്ന് ആവശ്യമായ ഇൽമനൈറ്റ് ലഭിക്കുന്നില്ല. |

| | |
|---|---|
| (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജാഗ്രതയോടെ പ്രവർത്തിച്ചാൽ ടൈറ്റാനിയം മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കാൻ സാധിക്കുന്ന പ്രധാന പൊതുമേഖലാ സ്ഥാപനമാകുമെന്ന് കരുതുന്നുണ്ടോ; | **(സി)** ഉണ്ട്. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു പകരം അഴിമതിയും സ്വകാര്യമേഖലയോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ കുറ്റം കെടുകാര്യസ്ഥതയുമാണ് ഇത്തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ തകരുന്നതിന് കാരണമാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | **(ഡി)** ഇല്ല; പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതി നും ആവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്ക് ആവശ്യമായ വിവിധ ദീർഘ / ഹ്രസ്വ കാല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ